**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നഗരസഭ - പൊതുമരാമത്ത് വിഭാഗം - കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവുകൾ നിലവിലുള്ള രീതിയിൽ നഗരസഭ ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം. **567**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 05.03.2013.

---

പരാമർശംഃ- 1) കുന്നംകുളം നഗരസഭ ചെയർമാന്റെ 17.11..2012-ലെ ഇ3/10642/07 നമ്പർ കത്ത്.

2) 03.01.2013-ലെ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.20 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കുന്നംകുളം നഗരസഭയിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവുകൾ നഗരസഭ ഫണ്ടിൽ നിന്ന് ഒടുക്കുവാൻ കഴിയാത്തതിനാലും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാൻ പല വാർഡുകളിലും പ്രയോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാലും കുന്നംകുളം നഗരസഭയുടെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവുകൾ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നടത്തുവാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കുന്നംകുളം നഗരസഭ ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നംകുളം നഗരസഭ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് കുടിശ്ശികയുള്ള വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിലേക്കായി ഗുണഭോക്തൃ സമിതികൾ പിരിച്ചെടുക്കുന്ന തുകയിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് 31.03.2013 വരെ തനത് ഫണ്ടിൽ നിന്ന് ആവശ്യമായ തുക നൽകുന്നതിന് കുന്നംകുളം നഗരസഭയ്ക്ക് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
നഗരസഭാ ചെയർമാൻ / സെക്രട്ടറി, കുന്നംകുളം നഗരസഭ
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.